**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5200** **02-11-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാറിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെ കീഴിലുള്ള അഡ്വാൻസ്ഡ് സ്കിൽസ് ഡെവലപ്മെന്റ് സെന്റർ ആയ കോളേജ് ഓഫ് എഞ്ചിനീയറിംഗ് മുഖേന 2019 സെപ്റ്റംബർ മുതൽ വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസന കോഴ്സുകൾ നൽകി വരുന്നുണ്ട്. ഗൂഗിൾ അസ്സോസിയേറ്റ് ക്ലൗഡ് എഞ്ചിനീയർ കോഴ്സ്, ഫൗണ്ടേഷൻസ് ഓൺ റോബോട്ടിക് കോഴ്സ്, റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ കോഴ്സ് എന്നിവയിലാണ് വിദ്യാർത്ഥികൾക്ക് ഈ കാലയളവിൽ പരിശീലനം നൽകിയത്. സെന്റ് ജോർജ് കോളേജ് അരുവിത്തുറയിലും, കോളേജ് ഓഫ് എഞ്ചിനീയറിംഗ് പൂഞ്ഞാറിലും അസാപ് സെൽ രൂപീകൃതമായിട്ടുണ്ട്. പ്രമുഖ വ്യവസായ മേഖലകളിൽ ലഭ്യമായിട്ടുള്ള തൊഴിലുകൾ സംബന്ധിച്ചും അത്തരത്തിലുള്ള തൊഴിലുകൾക്കു വേണ്ട നൈപുണ്യത്തെയും വൈദഗ്ധ്യത്തെയും സംബന്ധിച്ച് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും, വ്യവസായ മേഖലകളിൽ നിന്നുള്ള പ്രഗത്ഭരുമായി സംവദിക്കുന്നതിനും അവസരമൊരുക്കുന്നതിനുമായാണ് അസാപ് സെല്ലുകൾ രൂപീകരിച്ചത്. |
| (ബി) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | എ.ഡി.ബി. യുമായുള്ള വായ്പാ കരാർ പ്രകാരം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിനു കീഴിൽ നിശ്ചയിക്കപ്പെട്ട ഘടകങ്ങളിൽപ്പെടുന്ന ഒന്നാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. സംസ്ഥാനത്തു 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് സ്ഥല ലഭ്യതയുടെയും മറ്റ് അനുയോജ്യമായ ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ തീരുമാനിക്കപ്പെട്ട കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ 10 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 6 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മേൽ വിവരിച്ച പ്രകാരം എ.ഡി.ബി. വായ്പാ കാലയളവിൽ ലഭിച്ച ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ എണ്ണം പരിമിതമായതിനാൽ പൂഞ്ഞാർ ഉൾപ്പെടെ മറ്റു സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നത് പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ